# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/157/2018 2018 ജൂലൈ 20

## പത്രക്കുറിപ്പ്

**പ്രാക്ടിക്കൽ**

നാലാം സെമസ്റ്റർ എം.എസ്.സി. മൈക്രോബയോളജി (സി.എസ്.എസ്. - 2016 അഡ്മിഷൻ റഗുലർ/2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) മെയ്/ജൂൺ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവാവോസി/പ്രോജക്ട് ജൂലൈ 24 മുതൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2018 മാർച്ച് മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (സപ്ലിമെന്ററി), മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് (സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 2 വരെ അപേക്ഷിക്കാം.

2017 ഏപ്രിൽ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. (2016 അഡ്മിഷൻ - ഡിപ്പാർട്ട്മെന്റ് മാത്രം) പരീക്ഷയുടെ പുതുക്കിയ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 31 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.കോം (പി.ജി. സി.എസ്.എസ്. റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 1 വരെ അപേക്ഷിക്കാം.

**സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് കോഴ്സിൽ എസ്.സി./എസ്.ടി. സംവരണ വിഭാഗത്തിൽ സീറ്റുകൾ ഒഴിവുണ്ട്. എം.ജി. സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.സി.എ. അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ് മുഖ്യവിഷയമായുള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ളവർ അസ്സൽ രേഖകൾ സഹിതം ജൂലൈ 25ന് രാവിലെ 10 മണിക്ക് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731037.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**